പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

02.07.2014 -ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 523

# പകർച്ച വ്യാധികൾ തടയാൻ ഫോർപ്ലസ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ. ശശീന്ദ്രൻ<br>ശ്രീ. തോമസ് ചാണ്ടി. | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |

| | |
|---|---|
| (എ) സംസ്ഥാനത്ത് പടർന്നു പിടിക്കുന്ന പകർച്ചവ്യാധികൾ ഫലപ്രദമായി നിയന്ത്രിക്കുന്നതിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയ ഫോർപ്ലസ് പദ്ധതി പ്രവർത്തനത്തിന്റെ ഇപ്പോഴത്തെ സ്ഥിതിയെന്താണ് ; | (എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2010-ൽ ചിക്കൻഗുനിയ, ഡെങ്കിപ്പനി, മലമ്പനി, എലിപ്പനി എന്നീ നാല്പ രോഗങ്ങളെ പ്രതിരോധിക്കുവാനും, നിയന്ത്രിക്കുവാനുമായി നടപ്പിലാക്കിയ പദ്ധതിയാണ് ഫോർപ്ലസ് പദ്ധതി. ഈ ഗവൺമെന്റിന്റെ കാലത്തും പകർച്ചവ്യാധി പ്രതിരോധത്തിനും നിയന്ത്രണത്തിനും ആരോഗ്യ വകുപ്പ് കർമ്മ പരിപാടികൾ തയ്യാറാക്കുകയും, നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്. ഓരോ വർഷവും ഇത്തരം പരിപാടികൾക്ക് ആവശ്യമായ മാറ്റം വരുത്തിയ ശേഷം ഓരോ പ്രത്യേക പേര് നൽകുന്നു എന്നു മാത്രം. അതിനാൽ ഫോർപ്ലസ് എന്ന പേര് ഇപ്പോൾ നിലവിവിലില്ല എങ്കിലും പകർച്ച വ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പിലാക്കുന്നുണ്ട്. |
| (ബി) പകർച്ചവ്യാധികൾ തുടർച്ചയായി ബാധിക്കുന്നവരുടെ എണ്ണം കൂടുതലായി കണ്ടെത്തിയതിനാൽ രോഗം പ്രതിരോധിക്കുന്നതിലേക്കായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് രൂപീകരിച്ച ഉന്നതാധികാര സമിതി ഇപ്പോൾ നിലവിലുണ്ടോ ; ഇല്ലെങ്കിൽ ഇതിന് പകരമായി എന്ത് സംവിധാനമാണ് നിലവിലുള്ളത് ; | (ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് രൂപീകരിച്ച ഉന്നത അധികാര സമിതി ഇപ്പോൾ നിലവിലില്ല. എന്നാൽ പുതിയ സമിതി നിലവിലുണ്ട്. സംസ്ഥാന തലത്തിലെ ഊർജ്ജിത പകർച്ചവ്യാധി നിയന്ത്രണത്തിനായുള്ള സമിതിയുടെ അദ്ധ്യക്ഷൻ ബഹു. മുഖ്യമന്ത്രി, ഉപാദ്ധ്യക്ഷൻ ബഹു. ആരോഗ്യ വകുപ്പ് മന്ത്രി, കൺവീനർ ആരോഗ്യ വകുപ്പ് സെക്രട്ടറി, അംഗങ്ങൾ ഇതര വകുപ്പ് സെക്രട്ടറിമാർ എന്നിവരാണ്. |
| (സി) രോഗം ബാധിക്കുന്നവരുടെ എണ്ണവും മറ്റു വിവരങ്ങളും ലഭ്യമാക്കുന്നതിലേക്കായി സർവ്വേ നടപ്പിലാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിന് പകരമായി എന്തു സംവിധാനമാണ് നിലവിലുള്ളത് ? | (സി) രോഗം ബാധിക്കുന്നവരുടെ എണ്ണവും മറ്റ് വിവരങ്ങളും ലഭ്യമാക്കുന്നതിനായി സർവ്വേ നടപ്പിലാക്കുന്നില്ല. എന്നാൽ ഇതിനുവേണ്ടി ഒരു സ്ഥിരം സംവിധാനം ആരോഗ്യ വകുപ്പിൽ ഐ.ഡി.എസ്. പി (ഇന്റഗ്രേറ്റഡ് ഡിസീസ് സർവേലൻസ് പ്രോഗ്രാം) യുടെ സംസ്ഥാനതലത്തിലും, ജില്ലാതലത്തിലും, ബ്ലോക്ക്/ പഞ്ചായത്തു തലത്തിലും ഉള്ള യൂണിറ്റുകൾ വഴി ഏർപ്പെടുത്തിയിട്ടുണ്ട്. ഫീൽഡ് തലത്തിലും, ആശുപത്രി തലത്തിലും, ലാബ് തലത്തിലും രോഗികളുടെ കണക്കുകൾ എടുത്ത് ക്രോഡീകരിക്കുകയും അവലോകനം നടത്തുകയും ചെയ്യുന്നു. രോഗ സാധ്യ തയുള്ള സ്ഥലങ്ങൾ മുൻകൂട്ടി കണ്ട് പിടിച്ച് രോഗ നിയന്ത്രണം നടത്തുന്നതിനാൽ രോഗവ്യാപനം ആരംഭത്തിൽ തന്നെ നിയന്ത്രിക്കുവാൻ സാധിക്കുന്നു. |

സെക്ഷൻ ഓഫീസർ